# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** **15.05.2017-ന് മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. *393**

## പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.ഉമ്മർ<br>,, എൻ. ഷംസുദ്ദീൻ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, സി.മമ്മൂട്ടി | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പുതിയ അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽത്തന്നെ നൽകുന്നതിലേക്കായി പാഠപുസ്തകങ്ങളുടെ അച്ചടി ജോലികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | | (എ) 2017-18 അദ്ധ്യയന വർഷത്തേക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിനുവേണ്ടി ആവശ്യമായ മുന്നൊരുക്കങ്ങൾ ഇതിനകം നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 2017-18 ലെ മുഴുവൻ പാഠപുസ്തകങ്ങളും മൂന്ന് വാല്യങ്ങളായി അച്ചടിച്ച് വിതരണം ചെയ്യുന്നതിന് കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയെ (കെ.ബി.പി.എസ്) ചുമതലപ്പെടുത്തുകയും 2016 സെപ്റ്റംബർ മാസത്തിൽ തന്നെ പ്രിന്റ് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. അപ്രകാരം 2017-18 അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുമ്പ് തന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം 76% പുസ്തകങ്ങളും കെ.ബി.പി.എസ്. സ്കൂൾ സൊസൈറ്റികളിൽ എത്തിച്ചിട്ടുണ്ട്. 11, 12 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് 'സി-ആപ്റ്റി'നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 11-ാം ക്ലാസ് പാഠപുസ്തകങ്ങളുടെ അച്ചടി പുരോഗമിച്ചുവരുന്നു.11-ാം ക്ലാസ് പാഠപുസ്തകങ്ങളുടെയും വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. 12-ാം ക്ലാസ് പാഠപുസ്തക വിതരണം 92% പൂർത്തിയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ പ്രസ്തുത പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | 1 മുതൽ 10 വരെ ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും കെ.ബി.പി.എസ് മുഖേനയാണ് നടത്തിവരുന്നത്. അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ പാഠപുസ്തകങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനായി ഒന്നാം വാല്യം പാഠപുസ്തകങ്ങൾ 2017 ഫെബ്രുവരി ആദ്യവാരം മുതൽതന്നെ സംസ്ഥാനത്തെ സ്കൂൾ സൊസൈറ്റികളിൽ എത്തിക്കുവാനുള്ള നടപടികൾ ആരംഭിച്ചു. ആയത് അവലോകനം ചെയ്യുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. ഈ പാഠപുസ്തകങ്ങൾ അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ സ്കൂളുകളിൽ എത്തിക്കുന്നതിനും അവിടെനിന്നും വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. 'സി-ആപ്റ്റ്' മുഖേന +2 പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായി വരുന്നു. +1 പാഠപുസ്തകങ്ങളുടെ വിതരണം മെയ് മാസം അവസാനത്തോടുകൂടി പൂർത്തിയാക്കുന്നതാണ്. |
| (സി) | പാഠപുസ്തകങ്ങൾ അതത് അദ്ധ്യയന വർഷം തുടങ്ങുമ്പോൾ തന്നെ ലഭ്യമാക്കുവാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | 2017-18 അദ്ധ്യയന വർഷം തുടങ്ങുമ്പോൾ തന്നെ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിച്ചുകഴിഞ്ഞു. തുടർന്നുള്ള അദ്ധ്യയന വർഷങ്ങളിലും ഇതേ നടപടികൾ തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ